## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ടചോദ്യം നം. 97 11.06.2019 -ൽ മറുപടിയ്ക്ക്

### ഹൈടെക് സ്കൂൾ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.റോഷി അഗസ്റ്റിൻ**<br>**ശ്രീ.മോൻസ് ജോസഫ്**<br>**ശ്രീ.സി.എഫ്.തോമസ്**<br>**ഡോ.എൻ. ജയരാജ്** | പ്രൊഫ : സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പമന്ത്രി) |
| എ) സംസ്ഥാനത്തെ സർക്കാർ,എയ്ഡഡ് സ്കൂളുകളിലെല്ലാം ഹൈടെക് സ്കൂൾ പദ്ധതി പ്രകാരമുള്ള സജ്ജീകരണങ്ങൾ ഇതിനോടകം ചെയ്തുകഴിഞ്ഞുവോ എന്ന് വിശദമാക്കുമോ; | എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി എട്ടു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളുള്ള എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും ഹൈടെക് സ്കൂൾ പദ്ധതി പ്രകാരം താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.<br>**1.ഐ.ടി. ഉപകരണങ്ങളുടെ വിന്യാസം** - ഹൈസ്കൂൾ, ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗങ്ങളിലുള്ള 4752 സ്കൂളുകളിലെ 44705 ക്ലാസ് മുറികളിലേയ്ക്കും ലാബുകളിലേയ്ക്കുമുള്ള ഐ.ടി. ഉപകരണങ്ങൾ വിതരണം ചെയ്തു.<br>**2.പരിശീലനം** - ഹൈടെക് പദ്ധതി നടപ്പിലാക്കുന്ന ഹൈസ്കൂൾ, ഹയർ സെക്കന്ററി - വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗങ്ങളിലെ അദ്ധ്യാപകർക്ക് മുൻ വർഷങ്ങളിൽ നൽകിയ പരിശീലനത്തിനുപരിയായി ടി അദ്ധ്യാപകർക്കുൾപ്പെടെ സംസ്ഥാനത്തെ ഒന്നു മുതൽ പന്ത്രണ്ടു വരെ ക്ലാസുകളിലെ എല്ലാ അദ്ധ്യാപകർക്കും നാലു ദിവസത്തെ പ്രത്യേക ഐ.സി.ടി. പരിശീലനം 2019 ഏപ്രിൽ, മെയ് മാസങ്ങളിൽ നൽകി.<br>**3. ഡിജിറ്റൽ വിഭവങ്ങൾ (സമഗ്ര)** – ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിലേയ്ക്കുള്ള പാഠാസൂത്രണങ്ങളും അതിനനുയോജ്യമായ ഡിജിറ്റൽ വിഭവങ്ങളും സജ്ജമാക്കി 'സമഗ്ര' ഓൺലൈൻ കണ്ടന്റ് പോർട്ടൽ ലഭ്യമാക്കുകയും 2019-20 വർഷത്തെ പാഠപുസ്തകങ്ങളിൽ വരുത്തിയ മാറ്റങ്ങൾക്കനുസരിച്ച് പാഠാസൂത്രണങ്ങളും വിഭവങ്ങളും മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരികയുമാണ്.<br>**4. ബ്രോഡ്ബാന്റ് ഇന്റർനെറ്റ്** – 4751 സ്കൂളുകളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ഒരുക്കി. ക്ലാസ് റൂം നെറ്റ്‌വർക്കിംഗ് അവസാന ഘട്ടത്തിലാണ്. |

**5. മോണിറ്ററിംഗ്** - പദ്ധതി നടത്തിപ്പ് വിവിധ തലങ്ങളിൽ മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. 'സമഗ്ര'പോർട്ടൽ ഉപയോഗിച്ചുള്ള അക്കാദമിക പ്രവർത്തനങ്ങൾ സ്കൂൾ തലം മുതൽ സംസ്ഥാന തലം വരെ പരിശോധിക്കുന്നതിനുള്ള മോണിറ്ററിംഗ് സംവിധാനവും സമഗ്ര പോർട്ടലിൽത്തന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്.

| | |
|---|---|
| ബി) പുതിയ അധ്യയന വർഷം ആരംഭിച്ച സാഹചര്യത്തിൽ ഗ്രാമീണമേഖലയിലെ സ്കൂളുകളിൽ ഡിജിറ്റൽ റിസോഴ്സുകൾ ഫലപ്രദമായി ഉപയോഗിക്കുന്നത് ഉറപ്പുവരുത്താൻ ഇതിനോടകം എന്തെല്ലാം കാര്യങ്ങൾ ചെയ്തുവെന്ന് വ്യക്തമാക്കുമോ? | ബി) നഗര, ഗ്രാമ മേഖലാ വ്യത്യാസമില്ലാതെ സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ , ഹയർ സെക്കന്ററി വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലേയ്ക്കും ഹൈടെക് ഉപകരണങ്ങളും സൗകര്യങ്ങളും മേൽ വിവരിച്ച പ്രകാരം കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എജ്യൂക്കേഷന്റെ (കൈറ്റ്) നേതൃത്വത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. സമഗ്ര ഓൺലൈൻ വിഭവ പോർട്ടലിനോടൊപ്പം ഓഫ്‌ലൈനായും സമഗ്രയിലെ വിഭവങ്ങൾ ഉപയോഗിക്കുന്നതിനുള്ള സൗകര്യവും പുതുതായി ഏർപ്പെടുത്തിയിട്ടുണ്ട്. കാലാനുസൃതമായി സമഗ്ര പോർട്ടൽ അപ്ഡേറ്റ് ചെയ്യുന്നതിനോടൊപ്പം പുതുക്കിയ രണ്ടാം പതിപ്പും ഓഫ്‌ലൈൻ വേർഷനും ഇതിനോടകം ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ